ഉത്സവം വിരിയുന്ന രാജസ്ഥാൻ

കോന്നിയൂർ. ആർ. നരേന്ദ്രനാഥ്

ബിക്കാനീർ ജില്ലയിലുള്ള ദേശ്നോക് എന്ന സ്ഥലത്തു നടക്കാറുള്ള ഉൽസവങ്ങളെക്കുറിച്ച് ഇവിടെ പറയാം. കർണിമാതാവ് എന്ന വിശുദ്ധവനിതയാണു മഹോൽസവങ്ങളുടെ പ്രചോദകശക്തി. ചൈത്രശുക്ള ഏകംമുതൽ ചൈത്രശുക്ള ദശമിവരെയും അശ്വനിശുക്ളഏകം മുതൽ അശ്വനിശുക്ളദശമിവരെയും ആണ് ഉൽസവങ്ങൾ നടക്കാറുള്ളതു്. ഹിന്ദുക്കളും മുസ്ലിംകളും ഇതിൽ സംബന്ധിക്കാറുണ്ടു്.

കർണിമാതാവിൻെറ ജീവിതത്തോടു ബന്ധിപ്പിച്ചാണ് ഇവിടെ ഉൽസവം ആരംഭിച്ചതു്. കർണിബായിയുടെ ജനനത്തിനുതന്നെ അസാധാരണത്വം ആരോപിക്കപ്പെട്ടുവരുന്നു. മാതാവു ഗർഭം ധരിച്ച് ഇരുപത്തിയൊന്നാം മാസത്തിലാണത്രേ അവർ ഭൂജാതയായതു്! പ്രസവസമയത്തു മാതാവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന അമ്മായി, ചോരക്കുഞ്ഞിനെ ദേഹോപദ്രവം ഏല്പിക്കുവാൻ ശ്രമിച്ചു. എന്നാൽ, അമ്മായിക്ക് അതിനു സാധിച്ചില്ലെന്നു മാത്രമല്ല, അവരുടെ കൈകൾക്ക് ഉളുക്കു ബാധിക്കുകയും ചെയ്തുത്രേ! അപൂർവശക്തിയുള്ള ശിശുവായിരുന്നതിനാൽ അതിനെ കർണിബായി എന്നു നാമകരണം ചെയ്തു. അഞ്ചുവയസ്സു പ്രായമെത്തിയപ്പോൾ ആ പെൺകുട്ടി, അമ്മായിയുടെ ഉളുക്കു തിരുമ്മി മാററി. വിഷം തീണ്ടിയ പിതാവിനെ രക്ഷിച്ചു. അഞ്ചു പെൺമക്കളുടെ മാതാവായിരുന്ന സ്വന്തം മാതാവിന് ആൺകുട്ടി പിറക്കുന്നതിനുവേണ്ടി അനുഗ്രഹം നൽകി. പിൽക്കാലത്തു വിവാഹിതയായെങ്കിലും, കർണിബായി സ്വഭർത്താവിനെ പരിചരിക്കുവാനല്ല, സാധുക്കളുടെ വേദന നീക്കുവാനുള്ള സേവനങ്ങളിലാണു മുഴുകിയതു്. പ്രകൃത്യാതീതശക്തി സമാർജ്ജിച്ചിരുന്ന അവർ, ജനങ്ങളെ എല്ലാവിധത്തിലും സഹായിച്ചുപോന്നു. രാജസ്ഥാനിലെല്ലായിടത്തുനിന്നും ജനങ്ങൾ ആശ്വാസത്തിനും അനുഗ്രഹത്തിനുംവേണ്ടി അവരെ സമീപിച്ചു. എല്ലാവർക്കും സന്തുഷ്ടിയും ശാന്തിയും അവരിൽനിന്നു ലഭിക്കാതിരുന്നിട്ടില്ല. സിന്ധിലുള്ള അവരുടെ സഹോദരിയെ കാണാൻ പോകുന്നവഴി, കർണിബായി ജയസാൽമിറിലെത്തി. അവിടെവച്ചു ബാനാ (Bana) എന്നു പേരായ ഒരു അന്ധനായ മരപ്പണിക്കാരനെ കണ്ടുമുട്ടിയപ്പോൾ, അവരുടെ ഒരു പ്രതിമ നിർമ്മിക്കുവാനും അതു പൂർത്തിയാക്കി നിദ്രാവേളയിൽ തലയ്ക്കു സമീപംവച്ചു വിശ്രമിക്കുവാനും ആവശ്യപ്പെട്ടു. അടുത്ത ദിവസം ഉണരുമ്പോൾ അയാൾ ദേശ്നോക്കിൽ ആയിരിക്കുമെന്നും അവിടെ അമ്പലത്തിൽ അയാൾ നിർമ്മിച്ച വിഗ്രഹം പ്രതിഷ്ഠിച്ചു കഴിയുമ്പോൾ, കാഴ്ചശക്തി കൈവരുമെന്നും അനുഗ്രഹിക്കുകയുണ്ടായി. അനുശാസനം അക്ഷരംപ്രതി നിർവഹിച്ച അയാൾക്ക്, കർണിബായി പറഞ്ഞ അനുഭവങ്ങളെല്ലാം ഉണ്ടായി. ഇതാണു കർണിമാതാവിനെക്കുറിച്ചു പൊതുവിൽ അംഗീകൃതമായിട്ടുള്ള ഒരു ഐതിഹ്യം. കർണിമാതാവ് 1538–ൽ സമാധിയായി. അതേ കൊല്ലം അവരുടെ വിഗ്രഹം പൂജാദികാര്യങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ടു. അടുത്തകൊല്ലം മുതൽ അവിടെ ഉൽസവം തുടങ്ങി. കർണിമാതാവിൻെറ ആരാധകന്മാരിൽ ഏറിയപങ്കും ചാരന്മാർ, രാജപുത്രർ, ജാട്ടുകൾ, ബിസ്നോയ്മാർ തുടങ്ങിയവരാണ്. ബിക്കാനീർ രാജകുടുംബത്തിൻെറ കുലദേവതയായി അവരെ പിൽക്കാലത്തു പരിഗണിച്ചുപോന്നു.

ശൈലാദേവിമഹോൽസവം

ശൈലാദേവി മഹോൽസവം രാജസ്ഥാനിലെ മറെറാരു പ്രധാനപ്പെട്ട മേളയാണ്. കുറഞ്ഞതു രണ്ടുലക്ഷത്തോളം ജനങ്ങൾ ഇതിൽ സംബന്ധിക്കാറുണ്ടു്. ''ത്രികൂടപർവതം,, എന്നു വിളിച്ചുവരുന്ന മൂന്നു കുന്നുകളുള്ള ഒരു സങ്കേതത്തിലെ ക്ഷേത്രത്തിലാണ് ഇതു നടക്കുന്നതു്. ഇവിടെ കാളിസിൽ (Kalisil) എന്നു പേരുള്ള ഒരു അരുവിയുണ്ടു്. അതിനു സമീപം കേദാരഗിരി എന്ന പേരോടുകൂടിയ ഒരു സന്യാസി പണ്ടു താമസിച്ചിരുന്നത്രേ. ഭവാനീദേവിയുടെ വലിയ ഭക്തനായിരുന്ന അദ്ദേഹത്തിന് അദ്ഭുതസിദ്ധികൾ ഉണ്ടായിരുന്നതു വിവരിക്കുന്ന കഥകൾ പലതുണ്ടു്. ബീഹാറിലുള്ള ഒരു ക്ഷേത്രത്തിൽ വ്രതാനുഷ്ഠാനങ്ങളിൽ വ്യാപൃതനായി അദ്ദേഹം പന്ത്രണ്ടുകൊല്ലം കഴിച്ചു. ഒരു രാത്രിയിൽ ഹിൻഗ്ളാജ് മാതാവ് (ദേവി) സ്വപ്നദർശനം നല്കി, പഴയ സങ്കേതത്തിലേക്കു പോകുവാൻ ഉപദേശിച്ചു. അവിടെയും ദേവിയുടെ പ്രസാദം സിദ്ധിക്കുമെന്നും ആശീർവദിച്ചു. അങ്ങനെ കേദാരഗിരി തൻെറ പഴയ നിവാസസ്ഥാനമായ ത്രികൂടപർവതപ്രാന്തത്തിലേക്കു മടങ്ങി. അങ്ങനെ അവിടെ കഴിയവേ ഒരു വണ്ടിക്കാരൻ കേദാരഗിരിയുടെ പടിവാതിലിലെത്തി, ഒരു ദുർഗ്ഗാവിഗ്രഹം വിദേശികളുടെ വിദ്രോഹപ്രവർത്തനങ്ങളിൽനിന്നു രക്ഷിച്ചുകൊണ്ടു വന്നിട്ടുണ്ടെന്നും അവിടെ കഴിയുവാൻ സമ്മതിക്കണമെന്നും അപേക്ഷിച്ചു. കേദാരഗിരി വിഷമം കൂടാതെ അതിനു സമ്മതിക്കുകയുണ്ടായി. കേദാരഗിരിക്ക് അന്നു രാത്രിയിൽ മഹാലക്ഷ്മിയുടെ സ്വപ്നദർശനം ഉണ്ടായി. ആ അവസരത്തിൽ ഹിൻഗ്ളിമാതാവിൻെറ നിർദ്ദേശം അനുസ്മരിപ്പിക്കുകയുണ്ടായി. പിറേറന്നു കാലത്തു വണ്ടിക്കാരൻ സ്ഥലംവിടാൻ തുടങ്ങുമ്പോൾ, ദേവീവിഗ്രഹം അവിടെ വച്ചിട്ടു പോകുവാൻ കേദാരഗിരി ആവുന്നത്ര നിർബന്ധിച്ചെങ്കിലും അയാൾ അതു് ചെവിക്കൊണ്ടില്ല. എന്നാൽ, ത്രികൂടപർവതപ്രദേശത്തു വണ്ടിക്കാരൻ എത്തിയപ്പോൾ, കാളകൾ മുമ്പോട്ടു പോകുവാൻ, എന്തൊക്കെ ചെയ്തിട്ടും, കൂട്ടാക്കിയില്ല. ക്ഷീണിച്ചു തളർന്ന് ഒരു മരച്ചുവട്ടിൽ വിശ്രമിക്കാനിരുന്ന അയാൾ ക്രമേണ നിദ്രയിലാണ്ടു. ആ നിദ്രയിൽ കണ്ട ഒരു സ്വപ്നത്തിൽ, അവിടെ സ്ഥിരമായി തുടരുവാൻ ആഗ്രഹിക്കുന്നെന്നും മററും ദേവി അയാളെ അറിയിച്ചു. ഉറക്കമുണർന്നപ്പോൾ, വണ്ടിക്കാരൻ, കേദാരഗിരിയുടെ അടുത്തേക്കു മടങ്ങി, വിവരങ്ങളൊക്കെ വിശദമായി അദ്ദേഹത്തെ അറിയിച്ച്, വിഗ്രഹം അദ്ദേഹം സ്വീകരിക്കണമെന്നും വേണ്ടതു ചെയ്യണമെന്നും അപേക്ഷിച്ചു. ഈ വിഗ്രഹമാണത്രേ കൈലായിൽ സ്ഥാപിതമായതു്.

പിൽക്കാലത്ത് ഇവിടത്തെ ക്ഷേത്രത്തിൽ പഴയ വിഗ്രഹത്തിൻെറ വാമഭാഗത്തു ചാമുണ്ഡിയുടെ വിഗ്രഹവും പ്രതിഷ്ഠാപിതമായി. കിൻചിയിലെ ഭരണാധിപന്മാരുടെ കുലദേവതയായിരുന്നു രണ്ടാമത്തെ ചാമുണ്ഡീവിഗ്രഹം.

ക്ഷേത്രസങ്കേതവും മററും പ്രകൃതിരമണീയമായ ഒരിടമാണ്. കുന്നുകളും താഴ്വരയും കാളിസിൽ അരുവിയും എല്ലാം അവിടെ അസാധാരണമായ കാമ്യത കൈവരുത്തുന്നുണ്ടു്. ചൈത്രമാസത്തിൽ കറുത്തപക്ഷത്തിലാണ് ഉൽസവം ഇവിടെ നടക്കുന്നതു്. അന്നു നൂററുകണക്കിനു ഭക്തന്മാർ അവിടെ തടിച്ചുകൂടുകയും ചെയ്യും.

മഹാവീരജയന്തി

ജൈനരുടെ 24–ാമത്തെ തീർത്ഥങ്കരനായ മഹാവീരസ്വാമിയുടെ സ്മരണയിൽ നടത്തിവരുന്ന ഒരു മഹോൽസവം സാവായ്–മധോപ്പൂർ ജില്ലയിലെ ചന്ദനഗ്രാമത്തിൽ (Chandanagaon) ആണ്ടുതോറും നടക്കാറുണ്ടു്. കൃപദാസ് എന്നു പേരായ ഒരു തോൽപ്പണിക്കാരൻ, തൻെറ കന്നുകാലികളെ ഒരു ചെറിയ കുന്നിൽ മേയ്ക്കുവാൻ സാധാരണ അയച്ചുവന്നു. ആ കന്നുകാലിക്കൂട്ടത്തിലെ ഒരു പശുവിൻെറ അകിടിൽ കുറേദിവസം തുടർച്ചയായി പാൽ ഇല്ലാതെ കാണപ്പെട്ടു. എന്താണ് ഇതിനു കാരണമെന്നറിയുവാൻ കൗതുകം തോന്നിയപ്പോൾ, ആ പശുവിൻെറകൂടെ അയാൾ പോയി. ആരോ അതിനെ മോഷ്ടിച്ചു കറക്കുന്നുണ്ട് എന്ന സംശയം കാരണമാണ് ഇപ്രകാരം ചെയ്തതു്. കുന്നിൻപുറത്തു മേയാൻ പോകുമ്പോൾ ഒരു പ്രത്യേക സ്ഥലത്ത് എത്തി പശു പാൽ ചുരത്തി ഒഴിക്കുന്ന കാഴ്ചയാണു കൃപദാസ് കണ്ടതു്.

(ശേഷം 13–ാം പേജിൽ)

ഉൽസവം വിരിയുന്ന രാജസ്ഥാൻ

(3-ാം പേജിൽനിന്നു തുടർച്ച)

ഭൂമിയിൽ ഒളിഞ്ഞു വല്ല വിഗ്രഹവും കിടപ്പുണ്ടോ എന്നു് അയാൾക്കു സംശയം തോന്നി. അയാൾ പശു ചെന്ന നില്ക്കുന്നയിടം കുഴിച്ചു. ഒരു വെളുത്ത രേഖ അന്തർഭാഗത്തേക്കു തുടർന്നു പോകുന്നതാണു കണ്ടതു്. വിവരം ഗ്രാമത്തിലും മററു പ്രദേശങ്ങളിലും പ്രചരിച്ചു. കൂടുതൽ കൂടുതൽ കുഴിക്കുവാൻ കൃപദാസ് മടിച്ചില്ല. ഒടുവിൽ അദ്ദേഹം ഒരു വിഗ്രഹം അവിടെ കണ്ടെത്തി. ആളുകൾ അദ്ഭുതവിവശരായി അവിടെ തടിച്ചുകൂടി. വിഗ്രഹത്തിനു ചുററും ദീപജാലങ്ങൾ കൊളുത്തി പൂജാദികൾ ചെയ്യുവാൻ അവർ ഒട്ടും വൈമനസ്യവും അമാന്തവും കാണിച്ചില്ല. അനവധിയാളുകൾ അവിടെ കൂടിയെങ്കിലും ആ വിഗ്രഹത്തെക്കുറിച്ചു് ആർക്കും ഒരു വിവരവും ഉണ്ടായില്ല. ജൈനഭക്തനായ അമരചന്ദ്ര ബിലാലനാണു് അതു തിരിച്ചറിഞ്ഞതു്. അതു മഹാവീരന്റെ വിഗ്രഹമാണെന്നു് അദ്ദേഹം വ്യക്തമാക്കി. ഒരു ദേവാലയം അവിടെ പണിചെയ്യുവാൻ വേണ്ട ധനം വിനിയോഗിക്കുവാനും അദ്ദേഹം മടിച്ചില്ല. ഈ സംഭവം നടന്നതു് ഏതുകാലത്താണെന്നു് ഇന്നും നിശ്ചിതമായി പറയാനാവില്ല.

ജയപ്പൂരിലെ ജൈനവിശ്വാസികൾ ഒരവസരത്തിൽ മഹാവീരന്റെ പ്രതിമ പഴയ സ്ഥലത്തു ജയപ്പൂരിലേക്കു മാററി സ്ഥാപിക്കുവാൻ ഒരു ശ്രമം നടത്തുകയുണ്ടായി. എന്നാൽ, വിഗ്രഹം കയററിയ വണ്ടി അവിടെനിന്നു് അനക്കുവാൻ ആർക്കും സാധിച്ചില്ല. നീക്കം ചെയ്യുവാനുള്ള ശ്രമം ഉപേക്ഷിച്ചു് ഒടുവിൽ അതു പൂർവസ്ഥാനത്തുതന്നെ വീണ്ടും പ്രതിഷ്ഠിക്കുകയുണ്ടായി. ഇവിടെ ക്ഷേത്രം പണി ചെയ്യുവാനും എല്ലാവരും തയ്യാറായി. ഇങ്ങനെ ഈ ക്ഷേത്രത്തെക്കുറിച്ചു് ഐതിഹ്യങ്ങൾ പലതും പറയുവാനുണ്ടു്. ദിഗംബര ജൈനന്മാരാണു് ഇവിടത്തെ മുഖ്യആരാധകന്മാർ. നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നു ഭക്തജനങ്ങൾ ഇവിടേക്കു വരുന്നുണ്ടു്.

കന്നുകാലി വാണിഭം

രാജസ്ഥാനിലെ ഏററവും വിഖ്യാതമായ കന്നുകാലിവാണിഭം ലൂണി നദീതീരത്തു തിൽവാരാ എന്ന ഗ്രാമത്തിലാണു നടക്കുന്നതു്. ഇതു ബാർമീർ ജില്ലയിലാണു്. മാർച്ചു്—ഏപ്രിൽ മാസങ്ങളിലാണു വാണിഭം നടക്കുക. ജയ്സാൽമീർ, ജോഡ്പൂർ, പാലി, ജാലോർ എന്നീ പ്രദേശങ്ങളിൽനിന്നു് ഇവിടെ കന്നുകാലിപ്രിയന്മാർ എത്താറുണ്ടു്. താർപാർകർ, കാൻക്രേജ്, സാൻകോറി തുടങ്ങിയ ജാതി ഗോക്കളും നല്ലയിനം ആടുകളും ഒട്ടകങ്ങളും കുതിരകളും അന്നു് ഇവിടെ ധാരാളം കിട്ടും.

ഇന്നത്തെ തിൽവാരാ ഗ്രാമത്തിന്റെ സമീപമാണു പഴയകാലത്തെ പ്രസിദ്ധമായ ഖേഢ് (Khed) എന്ന സ്ഥലം. കച്ചവടസംഘങ്ങൾ ഇവിടെ പഴയകാലത്തു കൂടിവന്നിരുന്നു. പാർമർ രാജപുത്രരുടെ അധികാരത്തിലിരുന്ന ഈ സ്ഥലം പത്താം നൂററാണ്ടിനുശേഷം ചാഹമാനർ സ്വാധീനപ്പെടുത്തി. അവരുടെ കുലദേവനായ മല്ലിനാഥന്റെ പേരിനോടു ചേർത്തു് ഈ പ്രദേശത്തെ മല്ലാനി എന്നു പ്രസിദ്ധമാക്കിത്തീർത്തതു് ഇവരത്രേ. ആദിവാസികളിൽ പ്രമാണികളായ മല്ലികൾ സിന്ധുനദിയുടെ കിഴക്കേ പ്രദേശങ്ങളിലെ അധിപതികളുമായി. തിൽവാരാ അവരുടെ ഒമ്പതു ദുർഗ്ഗങ്ങളിൽ മുഖ്യമായ ഒന്നായിരുന്നു. സിന്ധിൽ ആക്രമണം നടത്തിയ അലക്സാണ്ടറെ അവർ പലവിധത്തിൽ ഉപദ്രവിച്ചിട്ടുണ്ടെന്നു ചരിത്രം വ്യക്തമാക്കുന്നുണ്ടു്. മുസ്ലിം ആക്രമണത്തെയും ചെറുത്ത മുഖ്യമായ ഒരു സങ്കേതമായിരുന്നു ഇവിടം. ആക്രമണകാരികളെ ചെറുക്കുവാൻ ആദിവാസികളെ പ്രേരിപ്പിക്കാനും ഒരുക്കുവാനും രംഗത്തുവന്ന മല്ലിനാഥൻ അവരുടെ രക്ഷകനായി ഭവിച്ചു. മല്ലാനിയിലെ ഭരണാധിപതിയായിരുന്ന റാവോ സൽഖാജിയുടെ പുത്രനായിരുന്നു മല്ലിനാഥൻ. അയൽരാജ്യങ്ങൾ കീഴടക്കി അദ്ദേഹം രാജ്യവിസ്തൃതി വർദ്ധിപ്പിച്ചു. അതു പടിഞ്ഞാറു സിന്ധിലും വടക്കു ജയ്സാൽമിറിലുംവരെ വ്യാപിച്ചു. അദ്ദേഹം മൻഡോറും കീഴടക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വീരപരാക്രമങ്ങളെ പാടിപ്പുകഴ്ത്തുന്ന നാടൻപാട്ടുകൾ ഇന്നും പ്രചാരത്തിലുണ്ടു്. ജോഡ്പൂരിലെ പഴയ രാജാക്കന്മാർ മല്ലിനാഥന്റെ സഹോദരനായ വീരമിന്റെ പിൻഗാമികളാണു്. മല്ലിനാഥനു പ്രകൃത്യാതീതശക്തികൾ ഉണ്ടായിരുന്നെന്നു പലരും വിശ്വസിക്കുന്നു. അദ്ദേഹത്തെ സന്ദർശിക്കുവാൻ അന്നു തിൽവാരയിലേക്കു ജനങ്ങൾ വന്നിരുന്നതായിട്ടറിയാം. ഇവിടെ കന്നുകാലിച്ചന്ത തുടങ്ങിയതിനുത്തരവാദി മല്ലിനാഥനാണെന്നാണു വിശ്വസിക്കപ്പെടുന്നതു്. സ്ഥിരമായി ഇവിടെ ഒരു ഉൽസവം തുടങ്ങിയതു് 1599—ൽ മോട്ടാരാജാ ഉദയസിംഹനായിരുന്നു.

നീറുന്ന മനസ്സുമായി അയാൾ രണ്ടു മാസങ്ങൾ തള്ളി നീക്കി. ഡോക്ടറെ കണ്ടു. പരിശോധിച്ചു. പ്രത്യക്ഷത്തിൽ രോഗലക്ഷണം യാതൊന്നുമില്ലെന്നദ്ദേഹം പറഞ്ഞപ്പോൾ അയാൾക്കു കുറേ ആശ്വാസം തോന്നി. ''സംശയം പൂർണ്ണമായും ദൂരീകരിക്കാൻ രക്തപരിശോധന നടത്തണം.,, ഡോക്ടർ നിർദ്ദേശിച്ചു.

അങ്ങനെ കഴിഞ്ഞ ആഴ്ച രക്തപരിശോധനയും മററും കഴിഞ്ഞു. ആ പരിശോധനാ റിസൽട്ട് കിട്ടുന്ന ദിവസമാണിന്നു്. അതിനുവേണ്ടിയുള്ള കാത്തിരിപ്പാണു്. സമയം ഇഴഞ്ഞിഴഞ്ഞു മാത്രം നീങ്ങുന്നതുപോലെ അയാൾക്കു തോന്നി.

മണി എട്ടു്. അയാൾ ഡോക്ടറുടെ മുറിയിലേക്കു പ്രവേശിച്ചു. ഡോക്ടർ പേരു ചോദിച്ചു. അയാൾ പേർ പറഞ്ഞു. ഡോക്ടർ റിപ്പോർട്ടെടുത്തു പരിശോധിച്ചു.

''നിങ്ങൾക്കു രോഗലക്ഷണം അശേഷമില്ല. നെഗററീവാണു റിപ്പോർട്ടു്, സൊ ഫൊർഗെററ് എബൌട്ട് ഇററ് റൈററ് നൌ.,,

ഡോക്ടറുടെ വാക്കുകൾ അയാളുടെ മനസ്സിൽ കുളിർകോരിയിട്ടു. ഇനി ഒരിക്കലും ഇത്തരം അപകടങ്ങളിൽ ചെന്നു ചാടുകയില്ലെന്നയാൾ മനസ്സിൽ ശപഥം ചെയ്തു.

ഒരു പുതിയ ജന്മംകിട്ടിയ പ്രതീതിയാണയാളിൽ ഉളവായതു്. ആഹ്ലാദഭരിതനായ അയാൾ ഡിസ്പെൻസറി വരാന്തയിൽനിന്നും വിശാലമായ തെരുവിലിറങ്ങി സ്വന്തം വീടിനെ ലക്ഷ്യമാക്കി നടന്നു. എങ്കിലും ആ കറുത്തസുന്ദരി അയാളുടെ ഹൃദയത്തിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു.

* * *

കരപററിനിന്നവീണ്ടും
കുണങ്ങിത്തൻ കുളത്തിലേ
ക്കരയന്നപ്പിടപോലെ
നടന്നുപോയി.

—

"കലിയുഗം തന്നെ. പിച്ചക്കാർക്കു രണ്ടു കാശു കിന്നട്ടതും മുടങ്ങി ഈ ഹിപ്പികൾ കാരണം.,,